**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 544** **23-07-2021 - ൽ മറുപടിയ്ക്ക്**

**ആഴക്കടൽ മത്സ്യബന്ധന കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ എം വിൻസെൻറ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മുൻ ഫിഷറീസ് വകുപ്പമന്ത്രി 2018-ൽ ന്യൂയോർക്കിൽ വച്ച് ഇ. എം. സി. സി. പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നോ എന്ന് അറിയിയ്ക്കുമോ ; പ്രസ്തുത കമ്പനിയുടെ അധികൃതർ കേരളത്തിൽ വന്ന് മുൻ മന്ത്രിയുമായും സെക്രട്ടറിയുമായും ചർച്ച നടത്തി ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സമർപ്പിച്ചിരുന്നോ; | (എ) | മുൻ ഫിഷറീസ് വകുപ്പമന്ത്രി ഇ. എം. സി. സി. യുമായി ചർച്ച നടത്തിയിട്ടില്ല. |
| (ബി) | 2019-ൽ സർക്കാർ പുറപ്പെടുവിച്ച മത്സ്യ നയത്തിന്റെ ഭാഗമായി കോണ്ടിനെന്റൽ സ്ലോപ്പിൽ വിദേശ കമ്പനികൾക്ക് മത്സ്യബന്ധനം നടത്താൻ അധികാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മത്സ്യനയത്തിൽ ഇപ്രകാരമൊരു വ്യവസ്ഥ ചേർക്കാനുള്ള സാഹചര്യം വെളിപ്പെടുത്താമോ; | (ബി) | സംസ്ഥാന മത്സ്യനയം പേജ് 6 പാര 2.9 ൽ 'അമിത ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന കോണ്ടിനന്റൽ ഷെൽഫ് ഏരിയായിൽ നിന്നും നിലവിലെ മത്സ്യബന്ധന സമ്മർദ്ദം കോണ്ടിനന്റൽ സ്ലോപ്പ് ഏര്യയിലേയ്ക്ക് മാറ്റപ്പെടേണ്ടതിന് പുറം കടലിൽ ബഹു ദിന മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകും എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തീരക്കടലിൽ മത്സ്യ ബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിന് അവിടെ നിന്നും കുറേ യാനങ്ങളെ പുറം കടൽ മത്സ്യബന്ധനത്തിന് പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതു കൊണ്ടു ഉദ്ദേശിക്കുന്നത്. അല്ലാതെ വിദേശ കമ്പനികളെയോ യാനങ്ങളെയോ അനുവദിക്കുമെന്നല്ല. |
| (സി) | ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഇം.എം.സി.സി. കമ്പനി സർക്കാരിന് നൽകിയ പ്രൊപ്പോസലിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) | ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഇം.എം.സി.സി. ഒരു concept note സമർപ്പിച്ചിരുന്നു. പ്രസ്തുത കമ്പനിയുടെ വിശ്വാസ്യതയെ കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര സർക്കാർ Newyork ലെ Consulate General മായി ബന്ധപ്പെട്ടപ്പോൾ നിലവിൽ അങ്ങനെ ഒരു കമ്പനി ഉള്ളതായി അറിയാൻ കഴിഞ്ഞില്ല എന്ന് |

| | | | |
|---|---|---|---|
| | | | അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ